# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5879** **30-07-2015-ൽ മറുപടിയ്ക്ക്**

## ലോട്ടറി വില്പനയിലെ കുറവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ലോട്ടറി ടിക്കറ്റുകൾ നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ച് വരാത്തതുകാരണം ഏജൻസികൾക്കും പൊതുജനങ്ങൾക്കും ടിക്കറ്റുകൾ ലഭ്യമല്ലാതാകുകയും അതുവഴി വില്പനയിൽ വലിയ കുറവ് വന്നിട്ടുള്ളതുമായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | വിൽപ്പനയിൽ കുറവ് സംഭവിച്ചതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | ടിക്കറ്റുകളുടെ അച്ചടിയുമായി ബന്ധപ്പെട്ട പോരായ്മകളും നടത്തിപ്പിലെ വീഴ്ചകളും സർക്കാർ ലോട്ടറിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പ്രസ്സുകളിൽ നിന്നും അച്ചടിച്ച് വിതരണത്തിനായി ലഭിക്കുന്ന ടിക്കറ്റുകളിൽ അപൂർവ്വമായി കണ്ടുവരുന്ന പോരായ്മകളായ ടിക്കറ്റ് ഇരട്ടിക്കൽ, ബാർകോഡ്, സീക്രട്ട് കോഡ് എന്നിവ റീഡ് ചെയ്യാൻ കഴിയാത്തത് എന്നിവ ഭാഗ്യക്കുറി വകുപ്പ് അപ്പപ്പോൾ തന്നെ പ്രസ്സ് അധികാരികളുടെ ശ്രദ്ധയിൽ-പ്പെടുത്തിയിട്ടുണ്ട്. ഇത്തരം പോരായ്മകൾ ലോട്ടറി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇക്കാര്യം പരിശോധിച്ച് അപാകതകൾ പരിഹരിക്കാനും കാരുണ്യപോലെയുള്ള ജനോപകാരപ്രദമായ പദ്ധതികൾ കൂടുതൽ വരുമാന മാർഗ്ഗമുള്ളതാക്കാനും വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ടിക്കറ്റ് അച്ചടി കൂടുതൽ കാര്യക്ഷമമാക്കാനും, വരുമാനം വർദ്ധിപ്പിക്കാനുമായി 2015 ഓഗസ്റ്റ് മാസം മുതൽ കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം മതിയാകാതെ വന്നതിനെ തുടർന്ന് പ്രതീക്ഷ ഭാഗ്യക്കുറിയെ കാരുണ്യ പ്ലസ് എന്ന് പുനർനാമകരണം ചെയ്യുകയും മുഖവില 40/-രൂപയിൽ നിന്ന് 50/- രൂപയാക്കി ഉയർത്തി അതിൽ നിന്നുള്ള അറ്റാദായം കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുകയും ചെയ്തു വരുന്നു. കൂടാതെ സമ്മാനങ്ങളുടെ എണ്ണത്തിലും ആകെ സമ്മാനത്തുകയിലും വർദ്ധനവ് വരുത്തിക്കൊണ്ട് കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കൂടുതൽ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ പത്രമാധ്യമങ്ങളിലൂടെയും ടി.വി. ചാനലു-കളിലൂടെയും പരിമിതമായ തോതിൽ പരസ്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.